# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊറ്റനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ:  dopta.ksad@kerala.gov.in

ഫോൺ :  0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി. ടി.എ.പി 7 - 825/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി. ടി.എ.പി 7 - 825/2021 തീയ്യതി: 10/01/2022

## പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 15-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 16-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ , ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം എസ് സുജാത | പ്രസിഡന്റ് | 01-04-2020 | 25-06-2020 |
| ശ്രീ എം റ്റി മനോജ് (ഇൻ ചാർജ്) | പ്രസിഡന്റ് | 25-06-2020 | 17-08-2020 |
| ശ്രീമതി പി റ്റി സുധ | പ്രസിഡന്റ് | 17-08-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 30-12-2020 |
| അഡ്വ. മനോജ് ചരളേൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സതീഷ് ബാബു എസ് | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ എം ജനാർദ്ദനൻ നായർ | സെക്രട്ടറി-**ഇൻ-**ചാ**ർ**ജ്ജ് | 09-06-2020 | 11-06-2020 |
| ശ്രീ എസ് വിജയ് | സെക്രട്ടറി | 12-06-2020 | 06-09-2020 |
| ശ്രീ ജിനു എബ്രഹാം | സെക്രട്ടറി-**ഇൻ-**ചാ**ർ**ജ്ജ് | 07-09-2020 | 18-10-2020 |
| ശ്രീമതി റീന ജോൺ | സെക്രട്ടറി | 19-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം ജനാർദ്ദനൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ ജിനു എബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |
| ശ്രീമതി ദീപ എം ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ജിജേഷ് വി സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ സജു പി കുര്യാക്കോസ് | കൃഷി ഓഫീസർ | 01-04-2020 | 28-07-2020 |
| ശ്രീമതി അമ്പിളി വി | കൃഷി ഓഫീസർ | 29-07-2020 | 22-09-2020 |

| | | | |
|---|---|---|---|
| എൽ | | | |
| ശ്രീമതി പ്രീജ പ്രേം | കൃഷി ഓഫീസർ | 22-09-2020 | 06-10-2020 |
| ശ്രീമതി സുചിത്ര എസ് | കൃഷി ഓഫീസർ | 06-10-2020 | 31-03-2021 |
| ഡോ. എ കണ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 13-09-2020 |
| ഡോ. സതീഷ് കുമാർ പി എസ് | വെറ്ററിനറി സർജൻ | 13-09-2020 | 01-10-2020 |
| ഡോ. സുരേഷ് കുമാർ വി ആർ | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ഡോ. ലക്ഷ്മി ആർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-01-2021 |
| ഡോ. ജേക്കബ് ജോൺ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-02-2021 | 31-03-2021 |
| ഡോ. അഗസ്റ്റിൻ ഫിഡാലിസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി സോണി എസ് ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 23-10-2020 |
| ശ്രീമതി സുമ എൻ എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 23-10-2020 | 31-12-2020 |
| ശ്രീമതി പ്രസന്ന പി എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ശ്രീ സജീവ് എസ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 17-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- കണക്കിലെ അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 17-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-10 |
| 12 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി-അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-12 |
| 14 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- താരതമ്യപഠനം നടത്താതിരുന്നതുമൂലം അധിക ചെലവ്<br>Written By: M Harikumar (Asst. Audit Officer, On 18-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-13 |
| 15 | 128-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം-അടിസ്ഥാന | 1-14 |

| | | |
|---|---|---|
| | സൗകര്യങ്ങൾ ഒരുക്കാതെ ഉദ്ഘാടനം നടത്തി<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | |
| 16 | ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല<br>Written By: M Harikumar (Asst. Audit Officer, On 27-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-15 |
| 17 | അഗതിരഹിത കേരളം- 18.66 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-16 |
| 18 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-അവലോകനം<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-17 |
| 19 | വാഹനത്തിന്റെ ലോഗ്ബുക്ക് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-18 |
| 20 | സംയുക്ത പരിശോധന നടത്തി; കുടിവെള്ളക്കരം കുറഞ്ഞു.<br>Written By: Muhsin Faisal (Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-19 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-20 |
| 22 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-21 |
| 23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-22 |
| 24 | ഇ-ടെണ്ടർ- ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല.<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-23 |
| 25 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-24 |
| 26 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം അക്കൗണ്ടിലേക്ക് നൽകിയ തുകകൾ തിരികെ ഈടാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 21-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |

| | | |
|---|---|---|
| | Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M Harikumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 24-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23.02.2020 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 135290843 രൂപ വരവും 133308751 രൂപ ചെലവും 1982092 രൂപ മിച്ചവും വരുന്നതായിരുന്ന ബജറ്റ്. പരിഷ്കരിച്ച ബജറ്റ് 15.02.2021 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 5970000 | 2904672 | 3065328 |
| | എ | വസ്തുനികുതി | 4500000 | 2058142 | 2441858 |
| | ബി | തൊഴിൽ നികുതി | 1200000 | 846530 | 353470 |
| 2 | | നികുതിയിതര വരവുകൾ | 3175000 | 856728 | 2318272 |
| | എ | വാടക കെട്ടിടങ്ങൾ | 100000 | 79377 | 20623 |
| | ബി | ലൈസൻസ് | 200000 | 77482 | 122518 |
| | സി | പലിശ | 150000 | 136372 | 13628 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7160025 | 7160425 | -400 |
| 4 | | വികസനഫണ്ട് | 40150422 | 15595550 | 24554872 |
| 5 | | മെയിന്റെനൻസ് ഗ്രാന്റ് | 00 | 39218425 | 39218425 |
| 5 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 8694000 | 2741497 | 5952503 |
| 6 | | ഭരണ ചെലവുകൾ | 1060500 | 743959 | 316541 |
| 7 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 2474425 | 2286919 | 187506 |
| 8 | | പ്ലാൻ-ഉല്പാദന മേഖല | 7130595 | 2523869 | 4606726 |
| 9 | | പ്ലാൻ-സേവന മേഖല | 46216156 | 16812883 | 29403273 |
| 10 | | പ്ലാൻ-പശ്ചാത്തല മേഖല | 2442952 | 624459 | 1818493 |
| 11 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 00 | 1809310 | -1809310 |

| | | | | | |
|---|---|---|---|---|---|
| 12 | | മെയിന്റനൻസ് പ്രോജക്റ്റുകൾ | 5152109 | 4269912 | 882197 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-2 വാർഷിക ധനകാര്യപത്രിക

കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 26.05.2021-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ഐ.6, ഐ.14(d)- വാർഷിക ധനകാര്യ പത്രികയിലെ വിവിധ ക്ഷേമ പെൻഷനുകളുടെ ചെലവുകണക്കുകൾ സേവന സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക (ഷെഡ്യൂൾ ഐ.6, ഐ.14(d)) | സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1294900 | 1885600 |
| വിധവാപെൻഷൻ | 7068700 | 10170400 |
| വാർദ്ധക്യകാലപെൻഷൻ | 20387900 | 30155000 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2145800 | 3174900 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 340500 | 503700 |

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 88,43,227 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,31,15,838 |
| ആകെ വരവ് | 6,19,59,065 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,49,58,752 |
| നീക്കിയിരിപ്പ് | 70,00,313 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 8803125 | 8803125 | 8797219 | -- | 5906 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 4259000 | 4259000 | 3602692 | -- | 656308 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 85000 | 85000 | -- | -- | 85000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 3430000 | 3430000 | 731160 | -- | 2698840 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 6627295 | 6627295 | 4146728 | -- | 2480567 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 9699000 | 9699000 | 9640766 | -- | 58234 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | ,, | 3492000 | 3492000 | 3152156 | -- | 339844 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 209091 | 9739 | 218830 | -- | -- | 218830 |
| ശുചിത്വ മിഷൻ | 2069290 | 1670754 | 3740044 | 2593958 | -- | 1146086 |
| കേരളോത്സവം | 17292 | -- | 17292 | -- | -- | 17292 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1079837 | 547626 | 1627463 | 565461 | -- | 1062002 |
| എം.ജി.എൻ. ആർ.ജി.എസ് | 446 | 14677556 | 14678002 | 14675754 | -- | 2248 |

## 1-4-1 ഗ്രാന്റ് വിനിയോഗം- കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവിൽ (അലോട്ടമെന്റ് ) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 878145 |
| ,, | അങ്കണവാടി അധിക വേതനം | 554810 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 249294 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 35319 |

Ii) തൊഴിലുറപ്പ് പദ്ധതി കണക്കിൽ വാർഷിക കണക്കുമായി 81000 രൂപയുടെ വ്യത്യാസം ഉണ്ട്. ടി 81000 രൂപ 100 തൊഴിൽ ദിനങ്ങൾ നൽകിയവർക്കുള്ള ബോണസ് തുകയാണ്.

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 65208358 | 145 | 42766949 | 0 | 36 | 80.11 |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 3.1.2020 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 4.3.20 |
| വികസന സെമിനാർ | 25.1.20 |
| പഞ്ചായത്ത് കമ്മിറ്റി | 23.3.21 |
| ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ | 3-2-2021 മുതൽ 7-2-2021 വരെ |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്കുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്കുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്കുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്കുകൾ | നടപ്പിലാക്കിയപ്രോജക്കുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 1125750 | 795260 |
| വെറ്ററിനറി സർജൻ | 8 | 7 | 2430800 | 705000 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 7 | 7 | 1450612 | 1280399 |
| സബ് ഇൻസ്പക്ടർ, ഫിഷറീസ് | 2 | 0 | 1044000 | 0 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 325000 | 325000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 15 | 20033000 | 12480301 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 9 | 8 | 2407995 | 1978257 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2285185 | 1022644 |
| സെക്രട്ടറി | 34 | 19 | 8088191 | 4656121 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 3 | 3 | 430000 | 430000 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 70 | 23569005 | 18303961 |
| അസി.സെക്രട്ടറി | 9 | 5 | 2018820 | 790006 |
| ആകെ | 181 | 145 | 65208358 | 42766949 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 159 | 128 | 80.5 | 49045064 | 34522257 | 70.38 |
| പ്രത്യേക ഘടകപദ്ധതി | 21 | 17 | 80.95 | 16078294 | 8244692 | 51.28 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 1 | 0 | 0 | 85000 | 0 | 0 |
| ആകെ | 181 | 145 | 80.11 | 65208358 | 42766949 | 65.59 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 28 | 23 | 76.19 | 7444595 | 2519619 | 33.84 |
| സേവനം | 68 | 52 | 76.47 | 35470894 | 23001983 | 64.85 |
| പശ്ചാത്തലം | 85 | 70 | 83.33 | 22292869 | 17245347 | 77.36 |
| ആകെ | 181 | 145 | 80.11 | 65208358 | 42766949 | 65.59 |

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 446 | 790166 | 790612 | 788364 | 2248 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 13887389 | 13887389 | 13887389 | 0 |

ഇതിൽ 81000 രൂപ 100 തൊഴിൽ ദിനങ്ങൾ നൽകിയവർക്കുള്ള ബോണസ് തുകയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 18,85,600 | 86 |
| വിധവാപെൻഷൻ | 1,01,70,400 | 459 |
| വാർദ്ധക്യകാല പെൻഷൻ | 3,01,55,000 | 1439 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 31,74,900 | 86 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 5,03,700 | 26 |
| തൊഴിൽരഹിത വേതനം | 720 | 1 |

ക്ഷേമ പെൻഷനുകളുടെ വരവ് ചെലവ് കണക്ക് വാർഷിക ധനകാര്യ പത്രികമുമായി പെരുത്തപ്പെടുത്തിയിട്ടില്ല.

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021, 2 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,209 (പതിമൂവായിരത്തി ഇരുനൂറ്റി ഒൻപത് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ തുടങ്ങിഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ കാലികമായി എഴുതി സൂക്ഷിക്കുന്നുണ്ട്.എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം തൃപ്തികരമല്ല. സർക്കാർ നിർദ്ദേശങ്ങൽക്കനുസരിച്ച് ലോഗ്ബുക്ക് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 26.08.2021 മുതൽ | 11/2019 മുതൽ | 15.11.2021 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 01.09.2021 വരെ | 03/2021 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2018 മുതൽ 10.07.2018 വരെ | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 3598685 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b) | 8306214 |
| വാടക (I-3) | 79377 | ഭരണപരമായ ചെലവുകൾ( I-11b) | 743959 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 743329 | പ്രവർത്തനചെലവുകളും പരിപാലനവും (I-12b) | 2286919 |
| വിൽപ്പനയും കൂലി ചാർജ്ജും | 110327 | ബാങ്ക് ചാർജ്ജ് (I-13) | 1367 |
| പലിശ (I-8) | 136372 | | |
| മറ്റ് വരവുകൾ (I-9) | 20598 | | |
| പൊതു ആവശ്യ ഗ്രാന്റ് | 7160425 | | |
| | | ചെലവിൽ കവിഞ്ഞ് വരവ് | 510654 |
| | 1,18,49,113 | | 1,18,49,113 |

പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി പരിതാപകരമാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ എന്നിവ നിർവഹിക്കുന്നതിന് തനത് ഫണ്ടിന്റെ അപര്യാപ്തത പഞ്ചായത്തിനെ ബാധിക്കുന്നുണ്ട്. ആവശ്യഗ്രാന്റ് ഒഴിച്ചാൽ തനത് വരുമാനംകൊണ്ട് തനത് ചെലവുകൾ നിർവ്വഹിക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ആയതിനാൽ തനത് വരുമാന വർദ്ധനവിന് ആവശ്യമായ നടപടികൾ ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും ഉണ്ടാവേണ്ടത് അനിവാര്യമാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

2020-21 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊറ്റനാട് സർവീസ് സഹകരണബാങ്ക്, കൊറ്റനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | കൊറ്റനാട് സർവീസ് സഹകരണബാങ്ക്, പെരുമ്പെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | കള്ള് ഷാപ്പ്, ചാലാപ്പള്ളി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/25.11.2021) ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നുംകൊറ്റനാട് സർവീസ് സഹകരണബാങ്കിന്റെ ശാഖകൾ സാമ്പത്തികനഷ്ടത്തിലായതിനാൽ

ജീവനക്കാർ നിലവിൽ ശമ്പളമില്ലാതെയാണ് ജോലി ചെയ്യുന്നതെന്നും ശമ്പളം നല്കുന്നമുറയ്ക്ക് നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന തുക അരിയർ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

2 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്ന

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ജോസഫ് മാത്യു
2. ശ്രീ. ഡേവിസ് കെ ചെറിയാൻ
3. ശ്രീ.ജോൺസൺ വി ജെ
4. ശ്രീ.ജോൺ തോമസ്
5. ശ്രീ. റ്റോജോ സി മോൻസി
6. ശ്രീ.സി ആർ രഘു
7. ശ്രീ. ഫിലിപ്പ് തോമസ്
8. ശ്രീ. ഹരിലാൽ പി ജെ
9. ശ്രീ. മോഹനപണിക്കർ
10. ശ്രീ. വർഗീസ് കുര്യൻ
11. ശ്രീ. പുന്നൂസ് പി സ്റ്റീഫൻ

ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/25.11.2021) ശ്രീ. ജോസഫ് മാത്യു, ശ്രീ. ഡേവിസ് കെ ചെറിയാൻ എന്നിവർ നികുതി അടവാക്കിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവരിൽ 60 ദിവസത്തിൽ കുറയാതെ ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്യുവരും നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരുമായ കരാറുകാരിൽ നിന്ന് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- താരതമ്യപഠനം നടത്താതിരുന്നതുമൂലം അധിക ചെലവ്

2019-20, 2020-21 വർഷങ്ങളിൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗിച്ച് വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി രണ്ട് പദ്ധതികൾ നടപ്പാക്കി. രണ്ടു പദ്ധതികളുടെയും ചെലവുകൾ താരതമ്യം ചെയ്തപ്പോൾ കട്ടിലിന്റെ വിലയിൽ പ്രകടമായ വ്യത്യാസം ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | 2019-20 | 2020-21 |
|---|---|---|
| പ്രോജക്ട് നം. | എസ്0036/20 | എസ്0027/21 |
| പദ്ധതി അടങ്കൽ | 117000 | 104000 |
| ചെലവ് | 117000 | 87991 |
| ഒരു കട്ടിലിന്റെ വില | 2925 | 4000 |
| സ്പെസിഫിക്കേഷൻ | നീളം-1.98 മീറ്റർ, വീതി-90 Cm<br>മുൻകാൽ നീളം-60cm.<br>പിൻകാൽ നീളം-50cm.<br>പ്ലൈവുഡ് 8 Mm. | നീളം-1.98 മീറ്റർ, വീതി-90 Cm<br>മുൻകാൽ നീളം-60cm.<br>പിൻകാൽ നീളം-50cm.<br>പ്ലൈവുഡ് 8 Mm. |
| നിർവഹണ | അസി. സെക്രട്ടറി | അസി. സെക്രട്ടറി |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| സപ്ളൈ ചെയ്ത സ്ഥാപനം | ഷാലോം വുഡ് ക്രാഫ്റ്റിംഗ് & ഫർണീച്ചർ, കുമ്പളാംപൊയ്ക | കേരള ആർട്ടിസാൻസ് ഡെവ.കോർപ്പറേഷൻ, കൊല്ലം |
| നിർവഹണ രീതി | ടെണ്ടർ | അക്രഡിറ്റഡ് ഏജൻസി |
| ബിൽ/ തീയതി | 18300984999/23.12.2019<br>18301137066/24.01.2020 | 18301217147/10.03.2021 |

ഒരേ സ്പെസിഫിക്കേഷൻ പ്രകാരം നടപ്പാക്കിയ രണ്ട് പദ്ധതികളിലാണ് ഇപ്രകാരം വിലവ്യത്യാസം ഉണ്ടായിട്ടുള്ളത്. 2019-20 വർഷം ടെണ്ടർ നടപടികളിലൂടെ വാങ്ങിയത് ആഞ്ഞിലി തടിയിൽ നിർമ്മിച്ച 40കട്ടിലുകളാണ്. 2020-21 വർഷം അക്രഡിറ്റഡ് ഏജൻസി വഴി വാങ്ങിയതാകട്ടെ മഹാഗണിയിൽ തീർത്ത 22കട്ടിലും. ഇപ്രകാരം വാങ്ങൽ നടത്തിയത് വഴി ഒരു കട്ടിലിന് 1075 രൂപയുടെ നിരക്ക് വ്യത്യാസം ഉണ്ടായിട്ടുണ്ട്.

സർക്കാർ/അർദ്ധസർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണെന്നും അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും 02.12.2016-ലെ സ.ഉ(സാധാ) നം. 3299/2016തസ്വഭവ നമ്പർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ ജി.ഒ(പി) നം.95/2017/ഫിൻ. തീയതി: 25-07-2017 ഉത്തരവിൽ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ 'എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെ മാത്രമേ ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് നിഷ്കർച്ചിട്ടുണ്ട്. 21.10.2020-ലെ സ.ഉ(സാധാ) നം.1978/2020/തസ്വഭവ. നമ്പർ ഉത്തരവിലും ആയത് വ്യക്തമാക്കിയിട്ടുണ്ട്.

അപാകതകൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.01/2020-21, തീയതി: 22-11-2021), തുടർന്നുള്ള പദ്ധതി നിർവഹണത്തിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാധനസാമഗ്രികൾ വാങ്ങുമ്പോൾ ദുർവ്യയം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ഉണ്ടാകാൻ പാടില്ലാത്തതുമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-14 128-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഉദ്ഘാടനം നടത്തി

ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡായ പെരുമ്പെട്ടിയിലുള്ള 128- ാം നമ്പർ അങ്കണവാടിക്കുള്ള പുതിയ കെട്ടിട നിർമ്മാണം 2019-20 സാമ്പത്തിക വർഷം ആവിഷ്കരിച്ച് 2020-21 വർഷം ഭാഗികമായി പൂർത്തീകരിച്ചു (പ്രോജക്ട് നം. 186/21). ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ് 11,90,999/- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- എന്നിവ ഉൾപ്പെടെ 14,90,999/-രൂപ വിനിയോഗിച്ചാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. പ്രോജക്ടിനുവേണ്ടി ചെലവഴിച്ചതുകയുടെ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---:|
| 20050852017700156550/ 13-05-20 | 4,80,173 |
| 20050852017700355612/ 17-07-20 | 3,00,000 |
| 20050852017700721708/ 11-11-20 | 1,56,072 |
| 20050852017700723473/ 11-11-20 | 4,79,000 |
| 20050852017701137183/ 24-02-21 | 75, 754 |
| ആകെ | 1490999 |

കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ, പ്ലംബിംഗ്, വയറിംഗ്, ഫ്ലോറിംഗ്, ടോയ്‌ലറ്റ് നിർമ്മാണം, ചുറ്റുമതിൽ, ഗേറ്റ് എന്നിവ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തികൾ നടപ്പായിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ടോയ്‌ലറ്റിനുള്ള സ്ട്രക്ചർ നിർമ്മാണം മാത്രമാണ്

പൂർത്തീകരിച്ചിട്ടുള്ളത്. അതിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടമാണെങ്കിലും നിർമ്മിതിയിൽ പുതുമ കാണുന്നില്ല.




അങ്കണവാടിക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ. 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ (സാധാ) നം: 2532/2018/തസ്വഭവ: 29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാതൃക നാലു പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും രണ്ട് പകർപ്പുകൾ GST വകുപ്പിലും നൽകണം എന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് GST കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 03/2020-21; 22.11.2021), രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ലായെന്നും ആയത് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങിസൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 അഗതിരഹിത കേരളം- 18.66 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു

അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായുള്ള അഗതിരഹിത കേരളം എന്ന ഏകീകൃത പദ്ധതി നടപ്പാക്കുന്നതിനായി കൊറ്റനാട് ഗ്രാമപഞ്ചായത്തിന് കെ.എസ്./എൽ /13100/2018 തീയതി.10.03.19 പ്രകാരം സർക്കാർ അനുമതി ലഭിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷാവസാനമാണ് പദ്ധതിയ്ക്ക് അനുമതി ലഭിച്ചത്. പദ്ധതി പ്രകാരം നിലവിൽ 150 അഗതി കുടുംബങ്ങളാണുള്ളത്.

അഗതിഗഹിതകേരളം പദ്ധതി അക്കൗണ്ടിൽ 31-03-2021-ൽ 18,66,629 രൂപ അവശേഷിക്കുന്നു. 2019-20, 2020-21 വർഷങ്ങളിൽ ലഭിച്ച ഫണ്ടും വിനിയോഗവിവരവും ചുവടെ ചേർക്കുന്നു.

| ഇനം | വർഷം (2019-20) | വർഷം (2020-21) |
|---|---|---|
| മുന്നിരിപ്പ് | 16,84,773 | 15,24,435 |
| വരവ് | 15,13,561 | 17,74,224 |
| ആകെ | 31,98,334 | 32,98,659 |
| ചെലവ് | 16,73,899 | 14,32,030 |
| നീക്കിയിരുപ്പ് | 15,24,435 | 18,66,629 |

ചലഞ്ച് ഫണ്ടിനത്തിൽ 2019-20 വർഷം 9,77,467 രൂപയും 2020-21 വർഷം 13,32,067 രൂപയും ലഭിച്ചിട്ടുണ്ട്. 2019-20 വർഷം ഭവനനിർമ്മാണത്തിനായി രണ്ട് ഗുണഭോക്താക്കൾക്കായി 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനാണ് മറ്റ് തുകകൾ ചെലവഴിച്ചിട്ടുള്ളത്. അഗതിരഹിത കേരളം പദ്ധതി പ്രവർത്തനത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടേയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 1-17 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-അവലോകനം

ഗ്രാമപഞ്ചായത്തിലെ കോവിഡ്ചികിത്സാ,പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി പുല്ലപ്രത്ത് സി.സി.സി.യും, പെരുമ്പെട്ടിയിൽ സി.എഫ്.എൽ.റ്റി.സി.യും, ചാലാപ്പള്ളിയിൽ സാമൂഹിക അടുക്കളയും പ്രവർത്തിച്ചിരുന്നു. പെരുമ്പെട്ടി സി.എഫ്.എൽ.റ്റി.സി ഇപ്പോൾ ഡി.സി.സി.ആയി പ്രവർത്തിക്കുന്നു. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി 31-3-2021 വരെ തനത് ഫണ്ടിൽ നിന്നും 760731 രൂപയും, വികസനഫണ്ടിൽ നിന്നും 178136 രൂപയും ഉൾപ്പെടെ 938867 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പശ്ചാത്തലസൌകര്യം ഒരുക്കൽ | കൂലി | ഭക്ഷണം | സ്റ്റേഷനറി | അനൌൺസ്മെന്റ്, മാസ്ക്, സാനിറ്റൈസർ | ആകെ |
|---|---|---|---|---|---|---|
| പുല്ലപ്രം സി.സി.സി. | 29405 | 162650 | 226249 | 37182 | | 455486 |
| പെരുമ്പെട്ടി സി.എഫ്.എൽ. റ്റി സി. | 393400 | - | - | - | | 393400 |
| ചാലാപ്പള്ളി സാമൂഹിക അടുക്കള | - | 26400 | 16232 | - | - | 42632 |
| മറ്റ് ചെലവുകൾ | - | - | - | - | 47349 | 47349 |
| ആകെ | 422805 | 189050 | 242481 | 37182 | 47349 | 938667 |

## 1-18 വാഹനത്തിന്റെ ലോഗ്ബുക്ക് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്ത് വക വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ, വാങ്ങിയ ഇന്ധനത്തിന്റെ അളവ്, ചെലവ്, നീക്കിബാക്കി വിവരങ്ങൾ അറ്റകുറ്റപ്പണികൾ തുടങ്ങിയവയുടെ വിവരം ചേർക്കാതെ അപൂർണ്ണമായാണ് സൂക്ഷിക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/20-21, 25-11-2021) ലോഗ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വന്ന അപാകങ്ങൾ പരിഹരിച്ച് ലോഗ്ബുക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.സർക്കാർ നിർദ്ദേശാനുസരണം ലോഗ്ബുക്ക് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സംയുക്ത പരിശോധന നടത്തി; കുടിവെള്ളക്കരം കുറഞ്ഞു.

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകൾ സംബന്ധിച്ച് സംയുക്തപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്കരം ഗണ്യമായി കുറയുകയും ചെയ്തു. നിരവധി വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ,

സംയുക്തപരിശോധന നടത്തി ജലം ലഭ്യമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കേണ്ടതു് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 22.07.2021- ൽ പഞ്ചായത്ത് വാർഡ് മെമ്പർമാരും ജലഅതോറിറ്റി ഉദ്യോഗസ്ഥരും നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ആകെയുള്ള 109 ടാപ്പുകളിൽ 46ടാപ്പുകൾ പ്രവർത്തനക്ഷമമല്ലെന്നും, നിലവിൽ പ്രവർത്തിക്കുന്നവ 63എണ്ണമാണെന്നും കണ്ടെത്തുകയും, പ്രസ്തുത വിവരം DB-GL-796/20, 05.10.2021കത്ത് മുഖേന സെക്രട്ടറിയെ അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 11/2021-ൽ ജല അതോറിറ്റി നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം വെള്ളക്കരം 28944 രൂപയായി കുറഞ്ഞിട്ടുണ്ട്. പരിശോധനയ്ക്കു മുമ്പുള്ള മാസങ്ങളിൽ 48563 രൂപ വെള്ളക്കരം ഒടുക്കിയിരുന്നതാണ്. ഭാവിയിൽ നിശ്ചിത ഇടവേളകളിൽ കുടിവെള്ളടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും,തനത്ഫണ്ട് ചോർച്ച ഉണ്ടാവുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | സ്ഥാപനം | നിക്ഷേപിച്ച തുക | തുക നിക്ഷേപിച്ച വർഷം |
|---|---|---|---|---|
| 1. | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് | കെ.എസ്സ്.ഇ.ബി | 678400 | 2017-18 |
| 2. | സ്ട്രീറ്റ് ലൈൻ നീട്ടൽ 1, 2, 4, 5, 12, 13 | കെ.എസ്സ്.ഇ.ബി | 324500 | 2019-20 |
| 3. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്സ്.ഇ.ബി | 432988 | 2019-20 |
| 4. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്സ്.ഇ.ബി | 248508 | 2019-20 |
| 5. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്സ്.ഇ.ബി | 656080 | 2020-21 |
| 6. | വട്ടക്കുന്ന് കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 444000 | 2017-18 |
| 7. | അരണത്തടം പൈപ്പ് ലൈൻ | ഭൂജല വകുപ്പ് | 58000 | 2018-19 |
| 8. | അരണത്തടം പൈപ്പ് ലൈൻ നീട്ടൽ | ഭൂജല വകുപ്പ് | 280000 | 2018-19 |
| 9. | കുഴൽക്കിണർ നിർമ്മാണം 8,9,10,12 വാർഡുകളിൽ | ഭൂജല വകുപ്പ് | 209147 | 2018-19 |
| 10. | ജലജീവൻ പൈപ്പ് ലൈൻ കണക്ഷൻ | വാട്ടർ അതോറിറ്റി | 719000 | 2020-21 |
| 11. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 1, 2, 12, 13 | കെ.എസ്സ്.ഇ.ബി | 401200 | 2019-20 |
| 12. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്സ്.ഇ.ബി | 148750 | 2020-21 |
| 13. | അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 333375 | 2018-19 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക്

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് (പ്രൊജ.നം133/21) KMSCL ന് 300000( ബിൽ നം.17/20-21,12-2-21) രൂപ കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി (38/21)പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (50000 രൂപ) ബ്ലോക്ക് പഞ്ചായത്ത് വിഹിതവും (600000 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതവും (300000 രൂപ) ഉൾപ്പെടെ 950000രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ വികസന ഫണ്ടും (50000 രൂപ) ബ്ലോക്ക് പഞ്ചായത്ത് വിഹിതവും (394439 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതവും (99000 രൂപ) ഉൾപ്പെടെ 543439 രൂപയാണ് തൻ വർഷം സബ്സിഡിയിനത്തിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തത്. ആയതിനാൽ കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ വെള്ളയിൽ, ചാലാപ്പള്ളി, പെരുമ്പെട്ടി, മുക്കുഴി എന്നീ ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്ക് 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞിട്ടുള്ളൂ.

സംയുക്ത പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വകയിരുത്തുന്ന തുക യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് അർഹമായ പരമാവധി ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ- ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്) നം.318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഓൺലൈനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. കൊറ്റനാട് ഗ്രാമപഞ്ചായത്ത് 2016-17 മുതൽ നടപ്പാക്കിയിട്ടുള്ള ഇ-ടെണ്ടർ പ്രവൃത്തികൾക്ക് ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|
| 2016-17 | 1 | 7,890 |
| 2018-19 | 2 | 13,888 |
| 2019-20 | 2 | 11,418 |
| 2020-21 | 5 | 19,302 |
| ആകെ | | 52,498 |

തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 02/22-11-2021), തുക ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 19 |
| സ്വന്തമായി കെട്ടിടമുള്ളവ | 14 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 19 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 18 |
| ചുറ്റമതിൽ ഉള്ളവ | 12 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

109-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടം 2003 ൽ നിർമ്മിച്ചതാണ്. ടി കെട്ടിടത്തിന്റെ കതകുകളും ജനലുകളും നിലവിൽ അടയ്ക്കാൻ സാധിക്കാത്ത നിലയിൽ ജീർണ്ണിച്ച അവസ്ഥയിലാണ്. ജനലുകൾ അടയ്ക്കാൻ സാധിക്കാത്തതിനാൽ മഴയുള്ളവേളകളിൽ വെള്ളം അങ്കണവാടിയുടെ ഉള്ളിലേക്ക് വീഴുന്നു. അങ്കണവാടിയുടെ അടുക്കളയിലും ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടില്ല. അങ്കണവാടിയ്ക്ക് പുറത്തായി ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്രദമാക്കിയിട്ടില്ല. ടോയ്‌ലറ്റിൽ ജലം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ടൈൽ സ്ഥാപിക്കുന്ന ജോലിയും പൂർത്തിയാക്കിയിട്ടില്ല. അങ്കണവാടിയ്ക്കായി കുഴൽക്കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മോട്ടോർ നിലവിൽ പ്രവർത്തനക്ഷമമല്ല. അടുക്കളയുടെ നിർമ്മാണം, കെട്ടിടത്തിന്റെ വയറിംഗ് എന്നിവ പൂർത്തീകരിച്ചിട്ടില്ല. അറ്റകുറ്റപണികൾ അടിയന്തരമായി പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം അക്കൗണ്ടിലേക്ക് നൽകിയ തുകകൾ തിരികെ ഈടാക്കിയില്ല

ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടിലേക്ക് മാറി നൽകിയ തുകകൾ തിരികെ ഈടാക്കി അറിയിക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയെങ്കിലും തുകകൾ പൂർണ്ണമായി തിരികെ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനർഹമായി കൈപ്പറ്റിയ തുക | തിരികെ ഈടാക്കിയ തുക |
|---|---|---|---|---|
| 1. | എസ്സ്.ബി.ഐ വൃന്ദാവനം | 12 | 319700 | |
| 2. | സൗത്ത് ഇന്ത്യൻ ബാങ്ക്, തീയാടിക്കൽ | 1 | 25700 | |
| 3. | എസ്സ്.ബി.ഐ, | 1 | 20400 | |

| | | | | |
|---|---|---|---|---|
| | വാളക്കുഴി | | | |
| 4. | ഫെഡറൽ ബാങ്ക്, മന്ദമരുതി | 1 | 1500 | 1500 |
| 5. | എസ്സ്.ബി.ഐ, കോട്ടാങ്ങൽ | 3 | 107300 | 5000 |
| 6. | ഐ.ഒ.ബി, കണ്ടൻ പേരൂർ | 1 | 46500 | 46500 |
| | ആകെ | | 521100 | 53000 |

അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൗണ്ടിൽ നിന്ന് തുകകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പെൻഷനറുടെ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതിനു ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ തുക മാറി നൽകുന്ന സാഹചര്യം ഉണ്ടാകുന്നു. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐ.ഡി | ഗുണഭോക്താവിന്റെ പേരും വിലാസവും | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അവസാനം പെൻഷൻ വിതരണം ചെയ്ത മാസം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | 103740200082 | കെ.സി.ജോൺ ആറു പടിഞ്ഞാറേക്കുഴിയിൽ കരിയംപ്ളാവ് | 06.05.2018 | 22.01.2019 | ജൂലൈ 2019 | 21000 |

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മാത്രവുമല്ല പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പെൻഷണർമാരുടെ വിവരം ആ സ്ഥാപനങ്ങളിൽ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

മരണം യഥാസമയം രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്നതിനാലും മരണം രജിസ്റ്റർ ചെയ്തതിനു ശേഷം ഇത് ശ്രദ്ധിക്കപ്പെടാതെ വീണ്ടും പെൻഷൻ അനുവദിക്കുന്നതിനാലും പെൻഷനർ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വച്ച് മരണപ്പെട്ടാൽ പഞ്ചായത്തിൽ അറിയാൻ വൈകുന്നതിനാലുമാണ് ഇത്തരത്തിൽ അനർഹർക്ക് പെൻഷൻ നൽകുന്നതിന് ഇടയാകുന്നത്.

ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് ഉണ്ടാകേണ്ടതും ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,21,525 | ലൈഫ് മിഷൻ -ജനറൽ(എസ്.0048/21) | 0 | 1,21,525 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 5,98,475 | ലൈഫ് മിഷൻ -ജനറൽ (എസ്.0048/21) | 5,98,475 | 0 |
| ,, | 9,10,000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. (എസ്.0043/21) | 9,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 6,40,000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. (എസ്.0043/21) | 6,40,000 | 0 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2,95,000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. (എസ്.0043/21) | 2,95,000 | 0 |
| ,, | 4,50,000 | ലൈഫ് ഭവന പദ്ധതി - വസ്തു വാങ്ങൽ- എസ്.സി.പി. (എസ്.0230/21) | 4,50,000 | 0 |
| ,, | 1,00,000 | ആശ്രയ പദ്ധതി (എസ്.0019/21) | 0 | 100,000 |
| ,, | 3,00,000 | 128- ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം (എസ്.0186/21) | 3,00,000 | 0 |
| ,, | 3,94,439 | പാലിന് സബ്സിഡി (എസ്.0038/21) | 394439 | 0 |
| ,, | 76,750 | പാലിന് സബ്സിഡി (എസ്.0154/21) | 76,750 | 0 |
| ജില്ലാ പഞ്ചായത്ത് | 99,000 | പാലിന് സബ്സിഡി (എസ്.0038/21) | 99,000 | 0 |
| ,, | 1,00,000 | പാലിന് സബ്സിഡി (എസ്.0154/21) | 1,00,000 | 0 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 83,680 | സുഭിക്ഷ കേരളം (ജനറൽ) (എസ്.0201/21) | 83,680 | 0 |
| ജില്ലാ | 1,50,000 | പെയ്ൻ & പാലിയേറ്റീവ് കെയർ | 1,50,000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | പദ്ധതി (എസ്.0016/21) | | |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 25,014 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0013/21) | 25,014 | 0 |
| ജില്ലാ പഞ്ചായത്ത് | 1,74,673 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0013/21) | 1,74,673 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 6,7,8,9,11 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0190/21) | 6,56,080 | ഇല്ല | 6,56,080 |
| വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ പൈപ്പ് ലൈൻ കണക്ഷൻ (S0215/21) | 7,19,000 | -- | 7,19,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 22,55,005 | 20,40,000 | 42,95,005 | 8,50,039 | -- | 34,44,966 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24,025രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | നമ്പർ/തീയതി |
|---|---|---|---|---|
| 2014-15 | 2-2 | 24,025 | സെക്രട്ടറി, എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് (മാനേജർ, മാവേലി സ്റ്റോർ, കൊറ്റനാട്) | 120020100890 06/08/2020 |
| ആകെ | | 24025 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | അവശേഷിച്ച തയ്യൽ മെഷീനുകൾ മറ്റ് വാർഡുകളിലേക്ക് കൈമാറിയതായി നിയമസഭാ സമിതിയെ അറിയിച്ചിട്ടുണ്ട്. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | 2-1 | 2017-18 | 5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യക്കെട്ടിടത്തിന് പെർമിറ്റും കെട്ടിടനമ്പരും അനുവദിച്ച | കെട്ടിടങ്ങളുടെ നമ്പരുകൾ റദ്ദ് ചെയ്തുകൊണ്ട് 29.1.2020 ൽ താൽക്കാലിക ഉത്തരവ് നൽകിയിട്ടുള്ളതാണ്. നിലവിൽ 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം ഈ പരാമർശത്തിന്മേൽ വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,19,59,065 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,49,58,752 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി.2-23/98/ 2.2.99/5-2-2000 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-288/03/ 6.8.2003/28.11.2003 | 2 |
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4/288/03 6.8.2004/28.11.2004 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ. പി.5/248/06 9.11.2006/12.11.2007 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-223/2003 3.3.2003/5.6.2003 | 4 |

| | | |
|---|---|---|
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4.127/2004 15.05.2004/19.07.2004 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4-126/04 15.05.2004/19.07.2004 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5/726/07 10.10.2007 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി.8/205/2010 4.10.2010/29.07.2011 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി.7/901/11 14.05.2014 | മുഴവൻ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി.7/896/2011 7.12.2011/20.11.2012 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | മുഴവൻ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി.7/453/2012 19.07.2012/6.3.2013 | മുഴവൻ ഖണ്ഡികകളും |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി.7/454/2012 19.07.2012/6.3.2013 | 1 |
| 2011-12& 2012-13 | എൽ.എഫ്.പി.റ്റി.എ. പി7/33/2014 24-04-14/13-05-14 | 2 |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | 10 |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | മുഴവൻ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | 3 |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | 7 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി 7/1629/18 14.1.2019 | 16 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി 7/202/2020 27.04.2020 | മുഴവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി 7-824/2021 തീ. 23.12.2021 | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്